അക്കാദമിക
മാസ്റ്റർ പ്ലാൻ
ക്ലാസ് - I

# ആമുഖം

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്താൻ ലക്ഷ്യത്തോടുകൂടി ആരംഭിച്ച പദ്ധതിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ 2024-25 അധ്യയനവർഷത്തിൽ വിദ്യാലയത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. പഠനപ്രവർത്തനങ്ങൾ ശിശു സൗഹാർദപരവും കൂടുതൽ ആസ്വാദ്യവും ആക്കി മാറ്റാനും. അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

മലയാളം

ലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും കഴിവുള്ളവരാക്കി മാറ്റുക.
* ലളിതമായ വായന കാർഡുകൾ തയ്യാറാക്കുന്നു.
* ചിത്രം തയ്യാറാക്കുന്നു.
* ഡയറി എഴുതുന്നു.

പ്രവർത്തനങ്ങൾ

ചിത്രവായന

ചിത്രങ്ങൾ കാണിച്ച് കുട്ടികളെ വായനയ്ക്ക് പ്രാപ്തരാക്കുന്നു.

വായനാമൂല ഒരുക്കൽ

ചിത്രവായന

വായനാ കാർഡ് തയ്യാറാക്കൽ

സചിത്ര പാഠം, സംയുക്ത ഡയറി എഴുത്ത്.

English

Aim

To speak, read and write English without any mistakes

Activities

To develop listening skills and reading skills

Description, growing sentences, Picture reading, riddles, quiz

Reading breaking news, find the words from reading Materials

Rhyming words

Make a word web.

Picture description.

Story telling

Riddles

conversation

ഗണിതം

* ഒന്നുമുതൽ ൧൦ വരെയുള്ള സംഖ്യാബോധം.

പ്രവർത്തനങ്ങൾ

- സംഖ്യാകാർഡ് നിർമ്മാണം
- മഞ്ചാടി സഞ്ചി നിർമ്മിക്കൽ
- സംഖ്യകൾ ഇടവിട്ട് നൽകൽ
- ഒറ്റ, ഇരട്ട സംഖ്യകൾ തിരിച്ചറിയൽ
- വർക്ക് ഷീറ്റുകൾ നൽകൽ
- ഉല്ലാസഗണിത പ്രവർത്തനങ്ങൾ
- ചിത്രങ്ങളിലൂടെ സംഖ്യകളെ പരിചയപ്പെടുത്തൽ, എണ്ണം പറയൽ.

## പരിസരപഠനം

### ലക്ഷ്യങ്ങൾ

ചെടികൾ നിരീക്ഷിച്ച് സാമ്യ/വ്യത്യാസങ്ങൾ കണ്ടെത്തൽ
വിവിധതരം സസ്യങ്ങൾ പരിചയപ്പെടൽ
സസ്യങ്ങളുടെ ഭാഗങ്ങൾ പരിചയപ്പെടൽ
പഴങ്ങൾ/പൂക്കൾ പരിചയപ്പെടൽ

### പ്രവർത്തനങ്ങൾ

ചുറ്റുപാടുകൾ നിരീക്ഷിക്കൽ
പ്രകൃതി നടത്തം
പൂക്കൾ പ്രദർശിപ്പിക്കൽ
പഴങ്ങൾ പ്രദർശിപ്പിക്കൽ
പൂന്തോട്ടം നിരീക്ഷിക്കൽ
പഴങ്ങളെല്ലാം രുചിച്ചുനോക്കി ഓരോന്നും വ്യത്യസ്തമാണെന്ന് തിരിച്ചറിയുന്നു.

# അക്കാദമിക
# മാസ്റ്റർ പ്ലാൻ
# 2025 - 26

ക്ലാസ്സ്: 2.

## മലയാള മധുരം

ഒന്ന്, രണ്ട് ക്ലാസുകളിലെ കുഞ്ഞുങ്ങൾക്കായി അവധിക്കാലത്ത് വായനത്തുടർച്ച ഉറപ്പുവരുത്തുന്നതിനായി നടത്തിയ നൂതന പരിപാടിയാണ് മലയാള മധുരം. കുഞ്ഞുകഥകൾ ആസ്വദിച്ച് വായിക്കാനും, തങ്ങൾക്ക് കിട്ടിയ ആശയങ്ങൾ പ്രകടിപ്പിക്കാനും ഇതിലൂടെ അവസരം ഒരുക്കി. ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയിലേക്ക് എത്തിക്കുന്നതോടൊപ്പം കുട്ടികളെ ആശയഗ്രഹണ വായനയിലേക്കും ഭാവാത്മക വായനയിലേക്കും നയിക്കുന്നതിലൂടെ ഭാഷാവികാസത്തിന് സാധ്യതയൊരുക്കുന്നു.

**പ്രവർത്തന ലക്ഷ്യങ്ങൾ:**

- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരമൊരുക്കുന്നു.
- സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു.
- ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമിക്കാൻ പ്രാപ്തി നേടുന്നു

**പ്രവർത്തന ഘട്ടങ്ങൾ**

- അവധിക്കാലത്ത് തുടങ്ങിയ പ്രവർത്തനം എസ്.ആർ.ജിയിൽ അവലോകനം ചെയ്യുന്നു. ( മെയ് അവസാനം)
- തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.
- CPTA യിൽ അവലോകനവും, തുടർപ്രവർത്തനങ്ങളുടെ വിശദീകരണവും (ജൂൺ ആദ്യവാരം)
- കുട്ടിയും രക്ഷിതാവും ചേർന്നവായന ആരംഭിക്കുന്നു (ജൂൺ)
- തുടർന്നുള്ള മാസങ്ങളിൽ വായനോത്സവം, കഥോത്സവം, വായനാ ചങ്ങാത്തം എന്നിവ സംഘടിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്തുന്നു. (ഓരോ ടേമിലും)
- കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.
- ഭാഷോത്സവത്തിൽ പുസ്തകം പ്രസിദ്ധീകരിച്ച് പ്രകാശനം നടത്തുന്നു.
- വ്യക്തിഗത പുസ്തകം തയ്യാറാക്കാനുള്ള പ്രോത്സാഹനം നൽകുന്നു.

**വിലയിരുത്തൽ**

- മലയാള മധുരം പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്തിട്ടുണ്ട്
- രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്
- വായനയുടെ ഘട്ടങ്ങൾ കൃത്യമായി പാലിച്ച് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്
- കഥോത്സവം, വായനോത്സവം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്
- ഭാഷോത്സവത്തിന്റെ ഭാഗമായി കുഞ്ഞെഴുത്ത് പുസ്തകം പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്
- കുട്ടികളുടെ വിവിധ പ്രകടന രൂപങ്ങൾ വീഡിയോ ഡോക്യുമെന്റ് ചെയ്ത് സമൂഹവുമായി പങ്കു വെച്ചിട്ടുണ്ട്

ചുമതല

ക്ലാസ് ടീച്ചർ, PTA, HM

സാമ്പത്തികം

PTA, SSK

## സംയുക്ത ഡയറി

രക്ഷിതാവിന്റെ/അധ്യാപികയുടെ സഹായത്തോടെ ദൈനംദിന അനുഭവങ്ങളെ ആത്മാംശം ഉൾക്കൊണ്ട് എഴുതുന്നതിന് സംയുക്ത ഡയറിയിലൂടെ കുട്ടിക്ക് കഴിയുന്നു. ഭാഷാപഠനത്തിൽ രചനയുടെ അടിസ്ഥാന ശേഷി വികസനം സാധ്യമാകുന്നതിന് ഡയറി എഴുത്തിന് കഴിയുന്നു. കുട്ടിയെ സർഗാത്മക രചനയിലേക്ക് നയിക്കുന്നതിൽ സംയുക്ത ഡയറി വളരെ സ്വാധീനം ചെലുത്തുന്നു. വിഭിന്ന നിലവാരക്കാരായ കുട്ടികളെ ലളിതമായ വരയിലൂടെയും എഴുത്തിലൂടെയും സ്വതന്ത്ര രചയിതാക്കളാക്കുന്നതിന് സംയുക്ത ഡയറിയിലൂടെ സാധിക്കും

### ലക്ഷ്യ പ്രസ്താവനകൾ

- സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.
- സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് സാധിക്കുന്നു.
- ഭാഷാശേഷി വികസിപ്പിക്കുന്നതിന് സാധിക്കുന്നു.
- അനുഭവാധിഷ്ഠിതമായ ഭാഷാ പഠനം സാധ്യമാകുന്നു.

### പ്രവർത്തനഘട്ടങ്ങൾ

- സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ മികച്ച ഡയറികൾ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു (ജൂൺ ആദ്യവാരം)
- ക്ലാസ് പി.ടി.എയിൽ ഡയറി എഴുത്തിന്റെ ഘടനയെ പരിചയപ്പെടുത്തുന്നു രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ ആദ്യവാരം)
- എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.
- ജൂൺ മുതൽ ആരംഭിക്കുന്നു.
- ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.
- കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവെക്കുന്നു.
- കുട്ടികളിൽ സമ്മർദ്ദമേകാതെ ഡയറി പൂർത്തിയാക്കാൻ സഹായിക്കുന്നു.
- സചിത്ര ഡയറി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.
- എന്റെ ഡയറിക്കുറിപ്പ് എന്നതിലേക്കും മാറ്റാം (വ്യക്തിഗതമായി)

### വിലയിരുത്തൽ

- ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തനപദ്ധതികൾ സംയുക്ത ഡയറിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.
- എല്ലാ രക്ഷിതാക്കളുടെയും പിന്തുണയും സഹായവും ഉറപ്പുവരുത്തിയിട്ടുണ്ട്
- സർഗാത്മക ശേഷി വികാസത്തിനുള്ള കഴിവുകൾ ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പൊതു സമൂഹവുമായും രക്ഷിതാക്കളുമായും പങ്കുവെച്ചിട്ടുണ്ട്.
- മുഴുവൻ കുട്ടികളുടെയും സർഗാത്മക രചനകൾ പുസ്തക രൂപത്തിൽ തയ്യാറാക്കിയിട്ടുണ്ട്.
- വ്യക്തിഗതമായി പുസ്തകം തയ്യാറാക്കുന്നതിനുള്ള സാധ്യത ഒരുക്കിയിട്ടുണ്ട്.
- തുടക്കം മുതലേ പ്രവർത്തനങ്ങളുടെ വീഡിയോ ഡോക്യുമെന്റ് ചെയ്തിട്ടുണ്ട്.

### ചുമതല

*ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, പ്രധാനാധ്യാപകൻ*
*സാമ്പത്തികം*
*എസ്.എസ്.കെ*

## പാട്ടരങ്ങ്

ഭാഷാപഠനത്തിൽ താളത്തിന് വളരെയധികം പ്രാധാന്യമുണ്ട്. കുട്ടിയിൽ താളബോധം രൂപപ്പെടുന്നതിലൂടെ വായന, ലേഖനം എന്നിവ എളുപ്പമാകുന്നു.

കവിതകൾ ഈണം കണ്ടെത്തി അവതരിപ്പിക്കാൻ താളബോധം സ്വായത്തമാക്കിയ കുട്ടിക്ക് എളുപ്പത്തിൽ കഴിയുന്നു. ഒപ്പം കവിതാസ്വാദനവും സാധ്യമാകുന്നു. പാഠഭാഗത്തിലെ കവിതകൾക്കൊപ്പം സമാനകവിതകൾ കണ്ടെത്തി ഈണത്തിലും ഭാവത്തിലും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്.ഇതിനായി രണ്ടാം ക്ലാസിൽ നടപ്പിലാക്കുന്ന പരിപാടിയാണ് പാട്ടരങ്ങ്. ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകമാക്കാൻ പാട്ടരങ്ങിലൂടെ കഴിയും.

**ലക്ഷ്യ പ്രസ്താവനകൾ**

- താളം മനസിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാനകവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും ആവിഷ്കരിക്കുകയും ചെയ്യുന്നു.
- ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.
- ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാ-പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.
- ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

- പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തനക്രമം എന്നിവ സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു. (ജൂൺ ആദ്യവാരം)
- ക്ലാസ് പി.ടി.എയിൽ പദ്ധതി അവതരിപ്പിക്കുന്നു. രക്ഷിതാക്കളുടെയും പ്രാദേശിക റിസോഴ്സ് പേഴ്സൺമാരുടെയും പിന്തുണ ഉറപ്പുവരുത്തുന്നു. (ജൂൺ ആദ്യവാരം)
- പാട്ടരങ്ങ് ഏകദിന ശില്പശാല പ്രാദേശികമായി തയ്യാറാക്കുന്ന സംഗീതോപകരണങ്ങളുടെ നിർമ്മാണം, കുട്ടികളെ കൂടി പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ, പാട്ടരങ്ങിൽ പാഠഭാഗങ്ങളിലെ പ്രവർത്തനങ്ങൾ ഉൾച്ചേർത്ത് അവതരിപ്പിക്കൽ (ജൂൺ രണ്ടാം വാരം)

- തുടർപാഠങ്ങളുടെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ (പാട്ടവതരണവും ആവിഷ്കാരവും) വീഡിയോ ഡോക്യുമെന്റ് തയ്യാറാക്കൽ, പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയ പുതിയ കവിതകൾ വായനാക്കാർഡുകളാക്കൽ (ജൂൺ 15 മുതൽ ഫെബ്രവരി വരെ)
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ (മാർച്ച് രണ്ടാം വാരം)

**വിലയിരുത്തൽ**

- ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തനപദ്ധതികൾ പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.
- ക്ലാസ് പി.ടി.എ. യുടെയും പ്രാദേശിക റിസോഴ്സ്പേഴ്സൺമാരുടെയും പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്.
- പ്രാദേശികമായി ലഭ്യമായ മെറ്റീരിയലുകൾ ഉപയോഗിച്ച് സംഗീതോപകരണങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.
- പാഠഭാഗങ്ങളിൽ സാധ്യതയുള്ള ഭാഗങ്ങൾ കണ്ടെത്തി പാട്ടരങ്ങ് പ്രവർത്തന പരിപാടി തയ്യാറാക്കുകയും ക്ലാസ് മുറിയിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.
- കുട്ടികളുടെ അവതരണങ്ങൾ വീഡിയോ ഡോക്യുമെന്റ് ചെയ്ത് രക്ഷിതാക്കളുമായും പൊതു സമൂഹവുമായും പങ്കു വെച്ചിട്ടുണ്ട്.
- പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയ കവിതകളെ വായനാക്കാർഡുകളാക്കി മാറ്റിയിട്ടുണ്ട്.
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിച്ചിട്ടുണ്ട്.

**ചുമതല**

*ക്ലാസ് ടീച്ചർ,പി.ടി.എ, പ്രധാനാധ്യാപകൻ*

**സാമ്പത്തികം**

*എസ്. എസ്. കെ, പി.ടി.എ*

# സചിത്ര പുസ്തകം

2023-24 വർഷത്തിൽ രണ്ടാം ക്ലാസിലെ 8 യൂണിറ്റുകളും സചിത്ര പാഠരൂപത്തിലാക്കിയാണ് കുട്ടികൾക്ക് മുന്നിൽ അവതരിപ്പിച്ചത്. ഉദ്ഗ്രഥിത പ്രവർത്തനങ്ങളിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കാൻ ഇത് സഹായകമായിട്ടുണ്ട്. പ്രവർത്തന നടത്തിപ്പിൽ അധ്യാപികയും വിദ്യാലയവും നേരിട്ട പ്രയാസങ്ങളെ മറികടന്ന് പുതുമാതൃകകൾ വികസിപ്പിക്കാൻ നമുക്ക് കഴിയണം. പുതിയ അക്കാദമിക വർഷത്തിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ച് സചിത്ര പാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്.

**ലക്ഷ്യ പ്രസ്താവനകൾ**

- രണ്ടാം ക്ലാസിലെ മുഴുവൻ പാഠഭാഗങ്ങളും സചിത്രപുസ്തകരൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള പ്രായോഗിക ധാരണ നേടുന്നു.
- എല്ലാ കുട്ടികൾക്കും സചിത്രപുസ്തകം വർക്ക് ബുക്കുകൾ ലഭ്യമാക്കുന്നു.
- കുട്ടികൾ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറുന്നു.
- പ്രവർത്തനങ്ങളിൽ പരിസരപഠനം, ഭാഷ, കലാകായിക പ്രവൃത്തി പരിചയം ഉദ്ഗ്രഥന സാധ്യത ഉറപ്പുവരുത്തുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

- കഴിഞ്ഞ വർഷം അവതരിപ്പിച്ച സചിത്രപാഠഭാഗങ്ങൾ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുന്നു. (2024 മെയ്)
- വർക്ക് ബുക്ക് രൂപത്തിലാക്കിയ സചിത്ര ബുക്കുകൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു. ആദ്യ മൂന്ന് യൂണിറ്റുകൾ (2024 ജൂൺ 10)
- ഏകദിന രക്ഷാകർതൃ ശില്പശാല - സചിത്രപാഠങ്ങൾ പരിചയപ്പെടുത്തലും ആവശ്യമായ പിന്തുണ ഉറപ്പാക്കലും (2024 ജൂൺ 15 )
- [illegible]
- [illegible]
- [illegible]

**വിലയിരുത്തൽ**

- സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നതിൽ ടീച്ചർക്ക് ധാരണയുണ്ടെന്ന് ഉറപ്പുവരുത്തുന്നു.
- എല്ലാ കുട്ടികൾക്കും സചിത്രപാഠം വർക്ക് ബുക്ക് ഉറപ്പുവരുത്തുന്നു.
- എല്ലാ കുട്ടികളും സചിത്രപാഠം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- എല്ലാ രക്ഷിതാക്കളുടെയും പിന്തുണ ഉറപ്പുവരുത്തുന്നു.
- പ്രതിമാസ സി. പി. ടി. എ യോഗങ്ങളിൽ സചിത്ര പുസ്തകങ്ങൾ മൂല്യ ചർച്ചയാവുന്നു. കുട്ടികളുടെ സചിത്ര പുസ്തകങ്ങൾ വിലയിരുത്തുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി സചിത്രപാഠം അവതരിപ്പിക്കുന്നു.

**ചുമതല**

ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, എസ്. എസ്. കെ

**സാമ്പത്തികം**

ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, എസ്. എസ്. കെ

# റീഡേഴ്സ് തിയേറ്റർ

ലഘു വിവരണങ്ങൾ, കഥകൾ, കുട്ടിക്കവിതകൾ, സംഭാഷണം തുടങ്ങിയവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ട് വായിക്കാൻ കഴിയുന്നവരാകണം രണ്ടാം ക്ലാസിലെത്തുന്ന ഓരോ കുട്ടിയും. അവർക്ക് മുന്നിൽ വൈവിധ്യമുള്ള പഠനതന്ത്രങ്ങൾ അവതരിപ്പിച്ച് ഭാഷാമികവുണ്ടാക്കാൻ അധ്യാപികക്കും വിദ്യാലയത്തിനും കഴിയണം. തുടക്ക വായനക്കാർ എന്ന നിലയിൽ ഭാവാത്മക വായനക്കും ശ്രാവ്യവായനയ്ക്കും ഏറെ സാധ്യതയുള്ള ഒരു സങ്കേതമാണ് റീഡേഴ്സ് തിയേറ്റർ.

**ലക്ഷ്യപ്രസ്താവനകൾ**

- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.
- പാഠപുസ്തകങ്ങളിലെയും ലഘു ബാലസാഹിത്യകൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു
- ഭാഷയിലെ പഠനമുന്നേറ്റത്തിന് സംഗീതം, ശ്രാവ്യവായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

- റീഡേഴ്സ് തിയേറ്റർ എസ്. ആർ. ജിയിൽ ആശയം പങ്കിടൽ (2024 ജൂൺ)
- ക്ലാസ്. പി. ടി. എ. യിൽ റീഡേഴ്സ് തിയേറ്റർ ആശയം പങ്കിടലും പിന്തുണ ഉറപ്പു വരുത്തലും (2024 ജൂൺ മൂന്നാം വാരം)
- ഏകദിന റീഡേഴ്സ് തിയേറ്റർ ശില്പശാല (2024 ജൂലൈ രണ്ടാം വാരം)
- എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ, തെരഞ്ഞെടുത്ത ലഘു ബാലസാഹിത്യ കൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുക (2024 ജൂലൈ 2025 മാർച്ച്)
- മികച്ച അവതരണങ്ങൾ ക്ലാസ്, സ്കൂൾതല സഭകളിൽ അവതരിപ്പിക്കാൻ അവസരം (2024 ജൂലൈ 2025 മാർച്ച്)
- ഭാഷോത്സവത്തിൽ റീഡേഴ്സ് തിയേറ്റർ മികച്ച പ്രവർത്തനങ്ങൾ അവതരണം (2024 മാർച്ച് രണ്ടാം വാരം)

**വിലയിരുത്തൽ**

- റീഡേഴ്സ് തിയേറ്റർ പ്രവർത്തനത്തെക്കുറിച്ച് എസ്. ആർ. ജി , ക്ലാസ് പി.ടി.എ അംഗങ്ങൾക്ക് ധാരണ നൽകിയിട്ടുണ്ട്.

- കുട്ടികളെ റീഡേഴ്സ് തിയേറ്റർ പ്രവർത്തനത്തിൽ പങ്കാളികളാക്കുന്നതിൽ അധ്യാപികക്ക് പ്രായോഗിക ധാരണയുണ്ട്.
- റീഡേഴ്സ് തിയേറ്റർ നടപ്പിലാക്കുന്നതിന് അനുയോജ്യമായ പാഠഭാഗങ്ങൾ, ലഘുബാല സാഹിത്യകൃതികൾ എന്നിവ കണ്ടെത്തിയിട്ടുണ്ട്.
- കുട്ടികൾക്ക് റീഡേഴ്സ് തിയേറ്റർ അവതരിപ്പിക്കുന്നതിനുള്ള സന്ദർഭം, വേദികൾ എന്നിവ ഒരുക്കുന്നു.
- മികച്ച അവതരണങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.
- എല്ലാ കുട്ടികളെയും റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമാക്കുന്നു.
- പ്രവർത്തനത്തിന് പ്രാദേശിക കലാകാരന്മാരുടെ സേവനം ഉറപ്പുവരുത്തുന്നു.

**ചുമതല**

*ക്ലാസ് ടീച്ചർ, സി. പി.ടി.എ*

**സാമ്പത്തികം**

*എസ്.എസ്.കെ, പി.ടി.എ*

## നാട്ടുവിശേഷം കൂട്ടെഴുത്ത്

ഭാഷാപഠനം പരിസര പഠനവുമായി ബന്ധപ്പെടുത്തി സാധ്യമാക്കുന്നതിനായുള്ള ഒരു പ്രവർത്തന പദ്ധതിയാണ് നാട്ടുവിശേഷം കൂട്ടെഴുത്ത് . പ്രകൃതി നിരീക്ഷണത്തിലൂടെ ലഭിക്കുന്ന ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കുട്ടികൾക്ക് കഴിയുന്നു. ശാസ്ത്രപ്രക്രിയാശേഷികളുടെ വികാസം ഉറപ്പുവരുത്തുന്നതിന് ഈ പ്രവർത്തനം സഹായകമാണ്. പ്രകൃതിയെ തൊട്ടറിഞ്ഞ് സഹവർത്തിത പഠനത്തിലൂടെ അറിവു നിർമാണം സാധ്യമാക്കാൻ ഈ പ്രവർത്തനത്തിനു കഴിയും

**ലക്ഷ്യ പ്രസ്താവനകൾ:**

- പരിസര പഠനത്തിലൂടെ ഭാഷാപഠന സാധ്യതകൾ ഒരുക്കുന്നു
- പ്രകൃതി നിരീക്ഷണത്തിലൂടെ ഗ്രഹിച്ച ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിയുന്നു.
- നിരീക്ഷണം മുതൽ പരീക്ഷണം വരെയുള്ള പ്രക്രിയാ ശേഷികൾ ഉറപ്പുവരുത്തി ക്ലാസ് പ്രവർത്തനങ്ങൾ ആസൂത്രണംചെയ്യാൻ കഴിയുന്നു.
- മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നു.
- പുറം വാതിൽ പഠനത്തിനുള്ള സാധ്യത ഒരുക്കാൻ കഴിയുന്നു.
- പരിസര പഠനത്തിലൂടെ ഭാഷാപഠനം രസകരവും ലളിതവുമാക്കുന്നതിന് കഴിയുന്നു.
- പാഠപുസ്തകത്തിലെ ആശയങ്ങൾക്കനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ കഴിയുന്നു.

പ്രവർത്തന ഘട്ടങ്ങൾ :

- നാട്ടുവിശേഷം കൂട്ടെഴുത്ത് പ്രവർത്തനം എസ് ആർ ജിയിൽ അവതരിപ്പിക്കുന്നു.
- പ്രകൃതി നടത്തം, ഫീൽഡ് ട്രിപ്പുകൾ എന്നിവ എസ് ആർ ജി യിൽ ആസൂത്രണം ചെയ്യുന്നു.
- പിറ്റിഎ യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.
- പാഠഭാഗത്തിനനുയോജ്യമായി പ്രകൃതിപഠന സാധ്യതകൾ കണ്ടെത്തി ആസൂത്രണം.
- പ്രവർത്തനങ്ങൾ നടപ്പിലാക്കൽ (**ജൂലൈ രണ്ടാം ആഴ്ചയിൽ ആദ്യ പ്രവർത്തനം ആരംഭം**)

- കണ്ടെത്തലുകളുടെ അവതരണം.
- കൂട്ടെഴുത്ത് നടക്കുന്നു.
- എഡിറ്റിംഗ്, മെച്ചപ്പെടുത്തൽ, അവതരണം.
- പതിപ്പ് തയ്യാറാക്കൽ.
- പാഠഭാഗത്തിന് അനുസരിച്ച് കാലയളവ് കൃത്യതപ്പെടുത്തുന്നു.
- പ്രവർത്തനം അവലോകനം, വിലയിരുത്തൽ (ജൂലൈ അവസാനം)
- പതിപ്പുകളുടെ പ്രദർശനം രചനോത്സവത്തിൽ.
- മികച്ചവ ഭാഷോത്സവത്തിൽ അവതരണം (ജനുവരി)

**വിലയിരുത്തൽ**

- ക്ലാസ്മുറിയിൽ പരിസര പഠന പാഠഭാഗത്തോടൊപ്പം ഭാഷാപഠനവും ഉൾച്ചേർത്ത് നൽകുന്നതിൽ അധ്യാപകർക്ക് ധാരണ ഉറപ്പാക്കുന്നു.
- പ്രക്രിയ ശേഷികൾക്ക് ഊന്നൽ നൽകിയുള്ള പരിസര പഠന സാധ്യത ബോധ്യപ്പെടുന്നു.
- മുഴുവൻ കുട്ടികളിലും പ്രക്രിയ ബന്ധിതമായ പഠനം ഉറപ്പാക്കാൻ കഴിയുന്നു.
- കൃത്യമായ ആസൂത്രണത്തിലൂടെ വാതിൽപ്പുറ പഠന സാധ്യത ഉറപ്പാക്കുന്നു.
- കുട്ടികളിൽ സഹവർത്തിത പഠനം ഉറപ്പാക്കുന്നു.
-

ചുമതല : ക്ലാസ് ടീച്ചർ , PTA , HM
സാമ്പത്തികം : SSK

## ക്ലാസ് പത്രം

രണ്ടാം ക്ലാസിലെ ഭാഷാപഠനവുമായി ബന്ധപ്പെട്ട ഒരു പഠന തന്ത്രമാണ് ക്ലാസ്പത്രം. ഓരോ കുട്ടിയെയും തങ്ങൾ കണ്ടതോ കേട്ടതോ ആയ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും പ്രാപ്തരാക്കുന്നതിന് ക്ലാസ്പത്രം സഹായിക്കുന്നു. ക്ലാസ്സിലെ കൂട്ടെഴുത്തിന്റെ ഒരു പ്രതിഫലനമാണ് ക്ലാസ്സ് പത്രം . ഒരു പത്രത്തിന്റെ ഘടന മനസ്സിലാക്കി കൃത്യതയോടെ ചെറുവാക്യങ്ങളിലൂടെ വാർത്തകൾ രൂപപ്പെടുത്താനുള്ള ഒരു ഇതിലൂടെ നേടാൻ സാധിക്കും.

**ലക്ഷ്യപ്രസ്താവനകൾ:**

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു.
- രചനാ ശേഷി പരിപോഷിപ്പിക്കുന്നു.
- വ്യത്യസ്ത പഠനതന്ത്രങ്ങളിലൂടെ ഭാഷാ പഠനം സാധ്യമാക്കുന്നു
- സ്കൂളിലെ ദൈനംദിന അനുഭവങ്ങൾ ശ്രദ്ധിച്ച് തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിവു നേടുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയ പൂർണതയോടെ എഴുതാൻ കഴിവു നേടുന്നു.
- കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും കഴിയുന്നു.
- പരസ്പരം പിന്തുണ ഉറപ്പുവരുത്താൻ കൂട്ടെഴുത്തിലൂടെ സാധിക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ടോടെ എഴുതാൻ കഴിയുന്നു.

പ്രവർത്തനഘട്ടങ്ങൾ :

- ക്ലാസ്പത്രം ലക്ഷ്യങ്ങളും പ്രവർത്തന ക്രമങ്ങളും എസ് ആർ ജിയിൽ അവതരിപ്പിക്കുന്നു. (ജൂലൈ അവസാനം )
- ക്ലാസ് പിറ്റി എ യിൽ പദ്ധതി അവതരിപ്പിക്കുന്നു , പിന്തുണ ഉറപ്പാക്കുന്നു . ജൂലൈ അവസാനം)

- കുട്ടികൾ രക്ഷിതാവിന്റെ സഹായത്തോടെ അനുഭവങ്ങൾ വാർത്താ രൂപത്തിൽ എഴുതുന്നു. ഉചിതമായ ഫോട്ടോകൾ /ചിത്രങ്ങൾ ഉൾപ്പെടുത്തുന്നു.
- അധ്യാപികയുടെനേതൃത്വത്തിൽ ആവശ്യമായ എഡിറ്റിംഗ് നടത്തുന്നു.
- ക്ലാസിൽ പത്രം തയ്യാറാക്കൽ (ആഗസ്റ്റ് ആദ്യവാരം)
- അസംബ്ലിയിൽ വായിച്ചവതരിപ്പിക്കുന്നു.
- ഓരോ മാസവും ഓരോന്ന് പ്രസിദ്ധീകരിക്കുന്നു
- രചനോത്സവത്തിൽ പ്രദർശനം, അവതരണം
- വിശേഷാവസരങ്ങളിൽ പ്രത്യേക പതിപ്പ് തയ്യാറാക്കുന്നു.
- ഭാഷോത്സവത്തിൽ പ്രദർശനവും അവതരണവും നടത്തുന്നു. (ജനുവരി )
- സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിക്കുന്നു. (ഫെബ്രുവരി)

**വിലയിരുത്തൽ :**

- വ്യത്യസ്തവും ആകർഷകവുമായ രീതിയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്.
- രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്.
- കൂട്ടെഴുത്തിനുള്ള സാധ്യത ഉറപ്പാക്കിയിട്ടുണ്ട്.
- വിഭിന്ന നിലവാരക്കാരെ പരിഗണിക്കാൻ കഴിഞ്ഞിട്ടുണ്ട്
- ആദ്യ ഘട്ടം മുതൽ വീഡിയോ ഡോക്യുമെന്റ് ചെയ്ത് രക്ഷിതാക്കളുമായി പങ്കുവച്ചിട്ടുണ്ട്.
- തയ്യാറാക്കിയ പത്രങ്ങൾ സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.
- കൗതുകകരമായ വാർത്തകൾ തുടർ വായനയ്ക്കായി വായനകാർഡുകളാക്കി മാറ്റിയിട്ടുണ്ട്.

**ചുമതല** : ക്ലാസ് ടീച്ചർ, HM, PTA

**സാമ്പത്തികം**: SSK, PTA

## രചനോത്സവം

ലഘു വ്യവഹാരരൂപങ്ങൾ വിശേഷണപദങ്ങൾ ചേർത്തെഴുതാൻ രണ്ടാം ക്ലാസിലെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്. കഥ, കവിത, ഡയറി, ക്ഷണക്കത്ത്, സംഭാഷണം, വിവരണം തുടങ്ങിയ വ്യവഹാരരൂപങ്ങളാണ് രണ്ടാം ക്ലാസിൽ പരിചയപ്പെടുന്നത്. രചനാ പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് പഠനലക്ഷ്യത്തിലെത്തുക എന്നതാണ് രചനോത്സവം കൊണ്ട് ലക്ഷ്യമിടുന്നത്.

### ലക്ഷ്യ പ്രസ്താവന

- എല്ലാ കുട്ടികളും രചനാ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു
- രചനാ പ്രവർത്തനങ്ങളിൽ വൈവിധ്യങ്ങളായ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നു.
- കൃത്യമായ ഇടവേളകളിൽ ക്ലാസ് തല രചനാപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു

### പ്രവർത്തന ഘട്ടങ്ങൾ

- രചനോത്സവം പ്രവർത്തന മാർഗരേഖ അംഗീകരിച്ച് എസ്. ആർ. ജി.യിൽ അംഗീകാരം വാങ്ങുന്നു. (ജൂൺ 2ാം വാരം)
- സി.പി.ടി.എ.യിൽ രചനോത്സവം പ്രവർത്തന പദ്ധതി അവതരിപ്പിച്ച് ആവശ്യമായ പിന്തുണ ഉറപ്പുവരുത്തുക (ജൂൺ 3ാം വാരം)
- പ്രതിമാസ രചനോത്സവം (ജൂലൈ ഫെബ്രുവരി )
- രചനോത്സവത്തിന്റെ ഭാഗമായുള്ള രചനകൾ പ്രസിദ്ധീകരിക്കൽ (2024 സെപ്തംബർ,ഡിസംബർ,മാർച്ച് 2025)
- കുട്ടികളുടെ വ്യക്തിഗത രചനകൾ പ്രസിദ്ധീകരിക്കൽ (മാർച്ച് 2025)

### വിലയിരുത്തൽ

- രചനോത്സവത്തിൽ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നു.

- പ്രാദേശികവും ലഭ്യവുമായ റിസോഴ്സ് പേഴ്സൺസിന്റെ സേവനം ലഭ്യമാക്കുന്നു.
- എല്ലാ വ്യവഹാരരൂപങ്ങൾക്കും പ്രാധാന്യം നൽകിയിട്ടുണ്ട് എന്നുറപ്പ് വരുത്തുന്നു.
- കൃത്യമായ ഇടവേളകളിൽ ക്ലാസ്തല രചനോത്സവം സംഘടിപ്പിക്കുന്നു
- രക്ഷാകർതൃ പ്രാദേശിക പിന്തുണ ഉറപ്പുവരുത്തുന്നു.

**ചുമതല**

ക്ലാസ് ടീച്ചർ,പി.ടി.എ

**സാമ്പത്തികം**

പി.ടി.എ.,എസ്. എസ്. കെ

## ഭാഷോത്സവം

രണ്ടാം ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും സ്വതന്ത്ര വായനക്കാരും എഴുത്തുകാരുമാക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. കുട്ടികളുടെ മികവുകൾ സമൂഹത്തിനു മുന്നിൽ പ്രകടമാക്കാൻ ഭാഷോത്സവത്തിലൂടെ കഴിയും. ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും ഭാഷോത്സവം കുട്ടികളെ പ്രാപ്തരാക്കുന്നു.

**ലക്ഷ്യ പ്രസ്താവനകൾ:**

- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ സ്വതന്ത്ര രചനയ്ക്ക് സാധ്യത ഒരുക്കുന്നു
- കുട്ടികളുടെ സർഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു
- ഭാഷാ പഠനം അനുഭവാധിഷ്ഠിതമാക്കുന്നതിന് കഴിയുന്നു
- ആശയങ്ങളെ / അനുഭവങ്ങളെ വിവിധ വ്യവഹാരരൂപങ്ങളിലൂടെ പ്രകടിപ്പിക്കുന്നതിന് കഴിയുന്നു.
- ആശയ പൂർണതയോടെ തന്മയ രചനകൾ നടത്താൻ പ്രാപ്തരാക്കുന്നു.

**പ്രവർത്തന ഘട്ടങ്ങൾ:**

- ഭാഷോത്സവം SRG യിൽ ആസൂത്രണം ചെയ്യുന്നു
- പി.ടി.എ യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.
- പ്രാദേശിക കലാ സാഹിത്യകാരന്മാരുടെ സഹകരണം ഉറപ്പാക്കുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി അവതരിപ്പിക്കേണ്ട മികവുകൾ ലിസ്റ്റ് ചെയ്യുന്നു
- പ്രദർശനത്തിനുള്ള മുന്നൊരുക്കങ്ങൾ ചെയ്യുന്നു
- ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു
- സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നു.

- ജനുവരിയിൽ ഭാഷോത്സവം സംഘടിപ്പിക്കുന്നു
- SRG യിൽ അവലോകനം ചെയ്യുന്നു

**വിലയിരുത്തൽ :**

- ലക്ഷ്യ പ്രാപ്തിയ്ക്കായുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്
- മികവുകൾ സമൂഹത്തിനു മുമ്പിൽ പ്രകടിപ്പിക്കാൻ തരത്തിൽ കുട്ടികളെ പ്രാപ്തരാക്കിയിട്ടുണ്ട്
- കുട്ടികളുടെ രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കിയിട്ടുണ്ട്.
- കുട്ടികളുടെ മികച്ച സ്വതന്ത്രരചനകളെ വായനക്കാർഡുകളാക്കി മാറ്റിയിട്ടുണ്ട്
- ഭാഷോത്സവം ജനകീയമാക്കുന്നതിനുള്ള ആസൂത്രണം നടത്തിയിട്ടുണ്ട്
- കഥോത്സവം, രചനോത്സവം മറ്റു ഭാഷാപ്രവർത്തനങ്ങൾ എന്നിവ വീഡിയോ ഡോക്യുമെന്റ് ചെയ്ത് പൊതു സമൂഹത്തിൽ പങ്കുവച്ചിട്ടുണ്ട്.

ചുമതല: SRG, PTA, HM

സാമ്പത്തികം : SSK, PTA

# അക്കാദമിക മാസ്റ്റർ പ്ലാൻ

ക്ലാസ്സ്: 3        2025-26

# മലയാളം

ലക്ഷ്യങ്ങൾ:-

പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻനിർത്തി എന്റെ കുട്ടികൾ എല്ലാവരും,

- സംഘപ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യമൂല്യങ്ങൾ സ്വാംശീകരിക്കും, അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും.
- കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.
- രചനകൾ ഭാവാത്മകമായി വായിക്കും.
- ആസ്വദിച്ച ഭാഷാഘടകങ്ങൾ (കഥ, കവിത, നാടൻ പാട്ട്, കടങ്കഥ, പഴഞ്ചൊല്ല്...മുതലായവ ) ഹൃദിസ്ഥമാവുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും.
- ലഘുവായ സർഗാത്മക രചനകൾ നടത്തും. (കഥ, കവിത, ഡയറി, ചിത്രം)
- കഥകളെയും കവിതകളെയും മറ്റും നാടകം, പാവനാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കും.
- ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കും (വിവരണം, സംഭാഷണം)

ഇതിനായി ഞാൻ നടത്തുന്ന മുന്നൊരുക്കങ്ങൾ:-

**ജൂൺ - ജൂലായ്**

**1. കനകച്ചിലങ്ക**

- നാടൻ പാട്ടുകൾ ശേഖരണം (വായ്ത്താരികൾ ഉള്ളത്)
- പഴഞ്ചൊല്ലുകൾ ശേഖരണം

- കഥാശേഖരം -ക്ലാസ് ലൈബ്രറി നവീകരണം (നാട്ടുകഥകൾ)
- നാടൻ പാട്ടിലെയും കവിതയിലെയും താളം (കവിത ചൊല്ലൽ ശില്പശാല)
- കഥോത്സവം (നാടൻ കഥകളുടെ അവതരണ ശില്പശാല)

- കടങ്കഥകൾ ശേഖരണം - കടങ്കഥ പാട്ടുകൾ - കടങ്കഥ പതിപ്പ് - കടങ്കഥപ്പയറ്റ്

- കലയിലെ കേമൻ - കലാകാരനെ പരിചയപ്പെടാം - അഭിമുഖസംഭാഷണം
- കലാരൂപങ്ങൾ വേഷവിധാനം - ചിത്ര ശേഖരണം - ആൽബം

- പാവ നാടകത്തെ അടുത്തറിയാം - ശില്പശാല

-
-

**ആഗസ്റ്റ്, സെപ്തംബർ**

**2. പലഹാരപ്പൊതി**

- കുട്ടികൾ വരച്ച ചിത്രങ്ങളുള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കിവയ്ക്കൽ
- ക്ലാസ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കിവയ്ക്കൽ
- നാടക ശില്പശാല
- റോൾപ്ലേ അവതരണങ്ങൾ
- ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം
- പലഹാരമേള - പാചക കുറിപ്പ് തയ്യാറാക്കൽ
- കത്തുകൾ മാതൃകകൾ
- ഹരിത കർമ്മ സേന അംഗങ്ങളുമായി അഭിമുഖം
- സ്കൂൾ പത്രം
- വിമല വിദ്യാലയം ശുചിത്വ പരിപാടി തയ്യാറാക്കൽ
-
-
-

**സി പി ടി എ ഒന്നാം മികവുത്സവം**

നാടോടിക്കഥകളുടെ അവതരണം
നാടൻ പാട്ടുകളുടെ അവതരണം
പാവനാടകം അവതരണം,

**ഒക്ടോബർ**

**3. മനുഷ്യന്റെ കൈകൾ**

- കൃഷിയിടം സന്ദർശനം
- കൃഷിപ്പാട്ടുകൾ കൃഷിച്ചൊല്ലുകൾ അവതരണം
- കുട്ടിക്കളികൾ:_ കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ വിവരണം, പതിപ്പ്
- നാടൻ പാട്ട് ശില്പശാല
-
-

# ഗണിതം

ആസ്വദിച്ച് പഠിക്കാൻ കഴിഞ്ഞാൽ എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം. പ്രവർത്തനങ്ങളെ കളികളായും സർഗാത്മക പ്രവർത്തനങ്ങളായും കണ്ണി ചേർത്തുകൊണ്ടാണ് ഗണിതപഠനം എന്ന രീതിയിലാണ് മൂന്നാം ക്ലാസ്സിൽ അവതരിപ്പിക്കുന്നത്. കുട്ടികളുടെ താൽപര്യവും ജിജ്ഞാസയും വളർത്താൻ ഉതകുന്ന വിധം പ്രവർത്തനങ്ങൾ ക്രമപ്പെടുത്തിയിട്ടുണ്ട്. യുക്തിചിന്ത, വിശകലനാത്മക ചിന്ത, പ്രശ്നപരിഹാരം എന്നീ ശേഷികൾ കുട്ടികളിൽ രൂപപ്പെടുന്നതിന് ജ്യാമിതി സഹായകരമാണ്. അമൂർത്തമായ ആശയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ജ്യാമിതി പ്രയോജനപ്രദമാണ്. സ്ഥലപരവും ദിശാപരവുമായ വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിലും ജ്യാമിതി വളരെ പ്രധാന പങ്കുവഹിക്കുന്നുണ്ട്.

ഒറ്റക്കം മുതൽ മൂന്നക്കം വരെയുള്ള സംഖ്യകളെ കുട്ടികൾ ഇതിനോടകം തന്നെ പരിചയപ്പെട്ടിട്ടുണ്ട്. 2000 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക, എഴുതുക എന്നീ ശേഷികൾ നേടാനും നിത്യ ജീവിതത്തിന്റെ ഭാഗമായി നാണയങ്ങളും നോട്ടുകളും കൈകാര്യം ചെയ്യേണ്ടി വരുന്ന പ്രായോഗിക സന്ദർഭങ്ങളിൽ അത് ഉപയോഗപ്പെടുത്താനും മൂന്നാം ക്ലാസ്സിലെ ഗണിത പഠന ലക്ഷ്യം വെക്കുന്നു.

നിത്യജീവിത സന്ദർഭങ്ങളിലെ മൂന്നക്ക സംഖ്യകളുടെ സങ്കലന ക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് നിർധാരണം ചെയ്യുന്നതിനുള്ള ശേഷി കൈവരിക്കുന്നതിന് മൂന്നാം ക്ലാസിൽ ലക്ഷ്യമിടുന്നു. രണ്ട് മൂന്നക്ക സംഖ്യകളുടെ സങ്കലന ക്രിയ ചെയ്യുന്നതിനുള്ള വ്യത്യസ്ത വഴികൾ പരിചയപ്പെടാനും സന്ദർഭാനുസരണം സംഖ്യകളെ സ്ഥാന വിലയ്ക്ക് അനുസരിച്ച് പിരിച്ചെഴുതി സങ്കലനക്രിയ ഉപയോഗിച്ച് നിർധാരണം ചെയ്യാനും ലക്ഷ്യമിടുന്നു. മന ഗണിതത്തിനു പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങളുടെ സാധ്യതകളും ഉൾപ്പെടുത്തിയിട്ടുണ്ട് .

നീളം അളക്കുന്നതിനുള്ള ഏകകങ്ങളായ സെൻറീമീറ്റർ, മീറ്റർ എന്നിവ പരിചയപ്പെടുന്നതിന് അവസരം ഒരുക്കിയിരിക്കുന്നു. സ്കെയിൽ, ടേപ്പ് എന്നിവ ഉപയോഗിച്ച് നീളം കൃത്യമായി അളക്കാൻ ഉള്ള അവസരമാണ് കുട്ടികൾക്ക് ഒരുക്കുന്നത്. ഈ യൂണിറ്റുകൾ തമ്മിലുള്ള പരസ്പര ബന്ധം കണ്ടെത്താൻ പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണത്തിലൂടെ അവസരം ഒരുക്കിയിട്ടുണ്ട്. അളവുകൾ ഊഹിച്ച് പറയുന്നതിനും നീളം കൃത്യമായി അളക്കുന്നതിനും ധാരാളം അവസരങ്ങൾ ഉണ്ട്.

9 വരെ സംഖ്യകളുമായി ബന്ധപ്പെട്ട ഗുണന വസ്തുതകൾ സംബന്ധിച്ച ധാരണ കൈവരിക്കുന്നതിന് ലക്ഷ്യമിടുന്നു. പ്രായോഗിക പ്രശ്നങ്ങളും യൂണിറ്റിൽ അവതരിപ്പിക്കുന്നു. ഗുണന ചിന്ത യോടൊപ്പം ഗണന ചിന്ത വളർത്തുന്ന പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്

**ജൂൺ - ജൂലായ്**

യൂണിറ്റ് 1 – രൂപങ്ങൾ വരയ്ക്കാം

ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ
ചതുരം വട്ടം ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്താൻ
തോരണം നിർമാണം, തോണി നിർമ്മാണം (കളർ A4)
വെജിറ്റബിൾ പ്രിൻറിംഗ്
ചതുരം വട്ടം ത്രികോണം എന്നീ രൂപങ്ങൾ ചേർത്തുവെച്ച് ഇഷ്ടമുള്ള രൂപങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു.

**ജൂലായ്, ആഗസ്റ്റ്**

ഓരോ കുട്ടിക്കും കണക്കുപെട്ടി, ഗണിത ശിൽപ്പശാല നിർമ്മിക്കേണ്ടത്.
1 മുതൽ 100 വരെ എഴുതിയ ടോക്കൺ
കളിനോട്ടുകൾ
ഓരോ നോട്ടുകളും 10 എണ്ണം വീതം
കമ്പ് കെട്ടുകൾ
സംഖ്യാ സ്ട്രിപ്പുകൾ
അബാക്കസ് നിർമ്മാണം.

**ആഗസ്റ്റ്, സെപ്തംബർ**

പ്രയോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം

**ഒക്ടോബർ**

സ്കെയിൽ നിർമ്മാണം
കുട്ടികളുടെ ഉയരം, വണ്ണം, തൂക്കം, ക്യാമ്പ്

**നവംബർ, ഡിസംബർ**

ഗുണന വസ്തുത കാർഡ് നിർമ്മാണം

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം<br>ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു.<br>കുറിപ്പു തയ്യാറാക്കൽ | ജൂൺ<br>ജൂലൈ<br>ആഗസ്ത് | | |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ-വൈവിധ്യ പാർക്ക് ഒരുക്കൽ, മഴക്കുഴിനിർമ്മാണം<br>ജലസ്രോതസ്സുകൾ<br>പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ<br>ഡിസംബർ | | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം<br>പരീക്ഷണം വീട്ടിനകത്തും<br>ശാസ്ത്ര മാസികകൾ | | | |

# GLPS OORAKAM MELMURI

## Academic Master Plan (English)

**AIM-**

To speak, Read & write English without any mistakes

**Time:**- June to march.

To check the vocabulary and writing skills of pupils.

**Activities**

***June and July***

Pre test

To develop listening skills and reading skills.

*Listening skills:*

Games, Action songs.

- Hello English Activities
- conversations
- skit stories
- use ICT

*Speaking skills:-*

Identify the naming words from the picture

- Identify the action words from the picture.

Make the simple sentences using the word about picture

Make simple description about the picture

-Growing sentences, . picture reading, self introductions

***August and September***

- Develop the creative speaking and writing

*Reading skills*

Books reading
Find words
Collect and read past tense
Rhyming words

TB Activities

Writing Skills

make word web
picture description

Word chain
Make words & Sentencess
Make riddles, conversations
Add more lines.

***October and November***

To express thoughts, feelings etc....

*Reading skills*

-Library book reading

- Conversations, skit, Stories, use ICT
Read notice
Develop story

*Writing Skills*

- Description
- Thoughts

***December and January***

Develop the creative speaking and writing.

*Reading skills*

- Library books reading
- Conversations ,skit Stories use ICT
- Develop story
- Reads dairy

*Writing Skills*

Dairy
Announcement

***February and march***

To improve the presentation power.

*Reading Skills*

Library books reading

Conversations, skit Stories
Develop story.

***Writing Skills:***

- Dairy
- Descriptions
- Thoughts
- Exibition.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

ക്ലാസ്സ്: 4

2025-26

# ആമുഖം

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ/പഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. 2023-24 അധ്യയനവർഷത്തിൽ നാലാം തരത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേകപരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരുടെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. ഭാഷാവിധാനന്തരം കുട്ടികളിൽ ഉള്ള വൈകാരിക-സാമൂഹിക-വൈജ്ഞാനിക പ്രശ്നങ്ങൾ മറികടന്ന് കുട്ടികളെ മുൻനിരയിൽ എത്തിക്കുക, പഠന വിടവുകൾ നികത്തുക എന്നുള്ളതും പദ്ധതിയുടെ പ്രധാന ലക്ഷ്യമാണ്. പഠനപ്രവർത്തനങ്ങൾ ശിശുസൗഹാർദപരവും കൂടുതൽ ആസ്വാദ്യകരവുമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠന കാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

# അക്കാദമിക മാസ്റ്റർപ്ലാൻ

# മലയാളം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ്. |
|---|---|---|---|
| അക്ഷരസ്ഫുടതയോടെയും ഒഴുക്കോടെയും ഉള്ള വായന. | വായിക്കാം, എഴുതാം, വായിക്കാം. | * കൂട്ടുകാർക്ക് മുന്നിൽ ഒഴുക്കോടെയുള്ള ഉച്ചത്തിൽ വായന,<br>* നിശബ്ദവായന<br>* ഉച്ചത്തിൽ വായന<br>* വായനാകാർഡ് നോക്കി NB യിൽ എഴുതൽ<br>* നിശബ്ദവായന<br>* ഉച്ചത്തിൽ വായന<br>* വായനാകാർഡ് നൽകുന്നു. | 2 ആഴ്ച. |
| | വായിക്കാം എഴുതാം വായിക്കാം തുടർപ്രവർത്തനം. | * കുട്ടിക്ക് ഒരു വായനാകാർഡ് നൽകുന്നു.<br>* വായനാകാർഡ് നോക്കി NB യിൽ എഴുതുന്നു.<br>* കുട്ടി രക്ഷിതാവിന് വായനാകാർഡ് വായിച്ച് കേൾപ്പിക്കുന്നു.<br>* കുട്ടി വായിച്ചതിന്റെ ഓഡിയോ അയച്ചു തരുന്നു. | 2 ആഴ്ച. |
| ആശയം പറയാം | ആശയം പറയാം | * കുട്ടിക്ക് കഥ പുസ്തകം/വായനാകാർഡ് നൽകുന്നു. | |

| | | | |
|---|---|---|---|
| | | * നിശബ്ദ വായന<br>* വായിച്ചറിഞ്ഞ ആശയം പറയൽ<br>* ആവശ്യമെങ്കിൽ ആവർത്തന വായന.<br>* കൂട്ടുകാർക്ക് മുന്നിൽ ഒഴുക്കോടെയുള്ള ഉച്ചത്തിൽ വായന. | ടീച്ചർ |
| | ആശയം പറയാം തുടർപ്രവർത്തനം. | * കുട്ടിക്ക് ഒരു വായനാകാർഡ് നൽകുന്നു.<br>* കുട്ടി രക്ഷിതാവിന് വായനാകാർഡ് വായിച്ച് കേൾപ്പിക്കുന്നു.<br>* വായിച്ചറിഞ്ഞ ആശയം രക്ഷിതാവിന് പറഞ്ഞുകൊടുക്കുന്നു. | ടീച്ചർ. |
| | വായിക്കാം കൂട്ടുകാരെ | * കുട്ടിക്ക് വായനാകാർഡ് നൽകുന്നു<br>* നിശബ്ദ വായന<br>* ഉച്ചത്തിൽ വായന<br>* കൂട്ടുകാർക്ക് മുന്നിൽ ഒഴുക്കോടെയുള്ള ഉച്ചത്തിൽ വായന. | ടീച്ചർ, കുട്ടികൾ. |

| | | | |
|---|---|---|---|
| | വായിക്കാം കൂട്ടുകാരെ തുടർപ്രവർത്തനം. | * കുട്ടിക്ക് ഒരു വായനാകാർഡ് നൽകുന്നു.<br>* നിശബ്ദവായന<br>* രക്ഷിതാവിന് വായനാകാർഡ് വായിച്ച് കേൾപ്പിക്കുന്നു.<br>* കുട്ടിവായിക്കുന്നതിന്റെ ഓഡിയോ അയച്ച് തരുന്നു. | ജൂൺ, ഓഗസ്റ്റ്. |
| | വായിക്കാം, അഭിപ്രായം പറയാം | * കുട്ടികൾക്ക് കഥാ കാർഡ് നൽകുന്നു.<br>* വായിച്ച് അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>* കഥാപാത്രങ്ങളെ കുറിച്ചും കഥയെ കുറിച്ചും അഭിപ്രായം പറയാൻ അവസരം നൽകുന്നു. | ജൂൺ, ഓഗസ്റ്റ് |
| | ക്ലാസ് റൂം ലൈബ്രറി | * ക്ലാസ് റൂം ലൈബ്രറി ഒരുക്കുന്നു<br>* ലൈബ്രറിയൻ ആയി കുട്ടിയെ തന്നെ തെരഞ്ഞെടുക്കുന്നു.<br>* പുസ്തകവിതരണം.<br>* വായന, വായനാനുഭവം പങ്കുവെക്കൽ. | ജൂൺ, ഒക്ടോബർ. |

| | | | |
|---|---|---|---|
| കവിത, കഥ, എന്നിവ കേട്ടും സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു. | കഥ കാണാം, എഴുതാം. | * കുട്ടിക്ക് ICT ഉപയോഗിച്ച് കഥ കാണാൻ അവസരം<br>* കുട്ടി കണ്ട കഥ സ്വയം എഴുതൽ<br>* കഥ സ്വയം എഴുതൽ.<br>* അധ്യാപികയുടെ ഇടപെടൽ.<br>* മെച്ചപ്പെടുത്തി എഴുതൽ. | 2 ആഴ്ച്ച |
| | കഥ കാണാം, എഴുതാം തുടർപ്രവർത്തനം. | * രക്ഷിതാവിന് കുട്ടി എഴുതിയ കഥ വായിച്ച് കേൾപ്പിക്കുന്നു.<br>* കുട്ടിവായിക്കുന്നതിന്റെ വീഡിയോ അയച്ചു തരുന്നു. | 2 ആഴ്ച്ച |
| | ചിത്രത്തിലെന്തെല്ലാം. | * കുട്ടിക്ക് ചിത്രം നിരീക്ഷിക്കാൻ അവസരം നൽകുന്നു. കണ്ട ചിത്രം നിരീക്ഷിച്ച് കുട്ടി വിവരണം എഴുതുന്നു.<br>* ചിത്രത്തിൽ എന്തെല്ലാമെന്ന് പറയാൻ അവസരം<br>* വിവരണം എഴുതൽ. | 2 ആഴ്ച്ച. |

| | | | |
|---|---|---|---|
| | എന്തെല്ലാം കാഴ്ചകൾ | * അധ്യാപികയുടെ ഇടപെടൽ.<br>* രചന മെച്ചപ്പെടുത്തൽ.<br>* കുട്ടി രക്ഷിതാവിന്റെ സഹായത്തോടെ തന്റെ പരിസരം നിരീക്ഷിച്ച് ഒരു കുറിപ്പെഴുതാൻ അവസരം<br>* എഴുതിയ കുറിപ്പ് വായിക്കുന്ന ഓഡിയോ അയക്കുന്നു. | 2 ആഴ്ച |
| | കവിത പൂർത്തിയാക്കാം പാടി അവതരിപ്പിക്കാം | * കവിത പൂർത്തിയാക്കാനവസരം<br>* കവിതക്ക് ഈണം കണ്ടെത്തി പാടുന്നു.<br>* കൂടുതൽ വരികൾ കൂട്ടിച്ചേർക്കുന്നു.<br>eg:<br>വിടുപുസ്തകപൂന്തോട്ടത്തിൽ വാർത്തയെന്തുണ്ട്?<br>വിടുപുസ്തകപൂന്തോട്ടത്തിൽ വാർത്തയെന്തുണ്ട്.<br>വാർത്തയെന്തുണ്ട്.<br>നാട്ടുമാവ് പൂത്തുലഞ്ഞ വാർത്തയുണ്ടല്ലോ ?<br>- - - - - -<br>- - - - - -<br>- - - - - | ജൂൺ – സെപ്റ്റംബർ |

| | | | |
|---|---|---|---|
| | | * കുട്ടി എഴുതിയ കവിത രക്ഷിതാവിന് പാടികേൾപ്പിക്കുന്നു.<br>* കവിത പാടുന്നതിന്റെ ഓഡിയോ അയക്കുന്നു. | |
| | സർഗാത്മക രചന. | * കുട്ടിക്ക് സ്വയം കഥയെഴുതാൻ അവസരം.<br>* കുട്ടി എഴുതിയ കഥ വായിച്ച് കൂട്ടിച്ചേർക്കലുകൾ<br>* കുട്ടി കഥ മെച്ചപ്പെടുത്തി എഴുതുന്നു.<br>* കൂട്ടുകാർക്ക് മുന്നിൽ അവതരിപ്പിക്കുന്നു. | ജൂൺ - ഒക്ടോ-ബർ |
| | ക്ലാസ് റൂം ലൈബ്രറി.<br>* | * വായനാക്കുറിപ്പ് | ഓഗസ്റ്റ് - മാർച്ച് |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗണിതം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| സംഖ്യാബോധം (1-1000 സംഖ്യകൾ എണ്ണുന്നു, എഴുതുന്നു) | നറുക്കെടുക്കാം | * സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു. <br> * കിട്ടിയ സംഖ്യ വായിക്കാം. <br> * മറ്റുള്ളവർ സംഖ്യ എഴുതുന്നു. | 1 ആഴ്ച. |
| | 10 ചങ്ങാതിമാർ | * സംഖ്യാ നറുക്ക് എടുക്കുന്നു. <br> * കിട്ടിയ നറുക്കിലെ സംഖ്യ വായിച്ച ശേഷം തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം | ജൂൺ. |
| | പാറ്റേൺ പൂർത്തിയാക്കാം | * വിവിധ സംഖ്യാ പാറ്റേൺ പൂർത്തിയാക്കൽ <br> * | ജൂൺ- സെപ്റ്റംബർ. |
| | ക്രമത്തിലാക്കാം | * വ്യത്യസ്ത സംഖ്യകൾ നൽകുന്നു. <br> * ആരോഹണ അവരോഹണ ക്രമം എഴുതാം | ജൂൺ- ഓഗസ്റ്റ് |
| മൂന്നക്ക/നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കാൻ. | കൂട്ടങ്ങളാക്കാം | * ഇഷ്ടമുള്ള ഒരു മൂന്നക്കസംഖ്യ എഴുതാം. <br> * കളി നോട്ട് ഉപയോഗിച്ച് 1,10,100,1000 ന്റെ കൂട്ടങ്ങളാക്കാം മാറ്റാം. | |
| | സംഖ്യാസദ്യൻ | * ഓരോ കുട്ടിയും ഒരു മൂന്നക്കസംഖ്യ ബോർഡിൽ എഴുതാം. <br> * ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു | |

| | | | |
|---|---|---|---|
| | ക്രമീകരിക്കാം | * സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കാം<br>* അരവിന്ദ് ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യ നിർമ്മിക്കാം. | |
| പ്രായോഗികപ്രശ്നങ്ങൾ പരിഹരിക്കൽ | ക്ലാസിൽ ഒരു കട/ചന്ത ഒരുക്കൽ. | * കുട്ടികളുടെ ബുക്ക്, പേന, പെൻസിൽ വെള്ളം, അരി etc ചേർത്ത് അവയ്ക്ക് വില നല്കി കട ക്രമീകരിക്കുന്നു.<br>* ത്രാസ്, അളവ് പാത്രങ്ങൾ ക്രമീകരിക്കുന്നു.<br>* ആവശ്യമുള്ളവ അളന്നെടുക്കുന്നു<br>* കളി നോട്ട് ഉപയോഗപ്പെടുത്തി ചന്ത കളി ഒരുക്കുന്നു.<br>* സാധനങ്ങൾ വാങ്ങുകയും കൈമാറ്റം ചെയ്യുകയും ചെയ്യുന്നു<br>* ഗ്രൂപ്പിൽ ചർച്ച നടക്കുന്നു.<br>* പ്രശ്നങ്ങൾ ഗ്രൂപ്പിൽ/അധ്യാപകന്റെ സഹായത്തോടെ പരിഹരിക്കുന്നു | ഫെബ്രുവരി |
| | സമയചക്രം | * ബ്ലാക്ക് ആൻഡ് വൈറ്റ് ചാർട്ട് ഉപയോഗിച്ച് സമയചക്രം തയ്യാറാക്കുന്നു.<br>* സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നപരിഹരണത്തിന് ഉപയോഗപ്പെടുത്തുന്നു | ജൂലൈ |

| | | | |
|---|---|---|---|
| ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു. | സംഖ്യാചക്രം | * സംഖ്യാ ചക്രം കറക്കി 2 സംഖ്യകൾ തെരഞ്ഞെടുക്കുന്നു.<br>* അവ തമ്മിലുള്ള സങ്കലനം, വ്യവകലനം ഗുണനം, ഹരണം | ജൂലൈ - മാർച്ച്. |
| | ഭാഗ്യവാനെ കണ്ടെത്താം | * അധ്യാപകൻ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു.<br>* വിവിധ ക്രിയകൾ അടങ്ങിയ നമ്പറുകൾ കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.<br>* ക്രിയ ചെയ്യാം.<br>* ആരുടെ ഉത്തരമാണ് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്താം. | ജൂലൈ - ഫെബ്രുവരി |
| | ജോഡി കണ്ടെത്താം | * വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.<br>* കുട്ടികൾക്ക് സംഖ്യാ കാർഡുകൾ തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.<br>* കുട്ടികൾക്ക് കിട്ടിയ സംഖ്യ ചാർട്ടിലെ ഏത് ക്രിയയുടെ ഉത്തരം ആണെന്ന് കണ്ടെത്തി ആ കളത്തിൽ ഒട്ടിക്കാം. | ഓഗസ്റ്റ് - ഫെബ്രുവരി |

# അക്കാദമിക മാസ്റ്റർപ്ലാൻ

## പരിസരപഠനം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ്. |
|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കൽ. | പ്രകൃതി നടത്തം | * ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം.<br>* പ്രത്യേകതകൾ മനസിലാക്കാം.<br>* വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം.<br>* ജീവികളുടെ പരസ്പരാശ്രയത്വം ചർച്ച.<br>* നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം, സ്വയം തിരുത്താം.<br>* പ്രകൃതിക്ക് ഭീഷണിയാവുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസിലാക്കാം.<br>* തെറ്റും ശരിയും മനസിലാക്കാം. | ജൂൺ ഒക്ടോബർ |
| പച്ചത്തോട്ടം ഒരുക്കാം. | പച്ചത്തോട്ടം ഒരുക്കാം. | * സ്കൂൾ പച്ചത്തോട്ടം പരിപാലിക്കൽ.<br>* വീട്ടിൽ പച്ചത്തോട്ടം ഒരുക്കാം<br>* പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് | ജൂൺ മാർച്ച് |
| | ഒരു തൈ നടാം | വൃക്ഷത്തൈ നടീൽ<br>* നട്ട വൃക്ഷത്തൈ പരിപാലിക്കൽ. | |

| | | | |
|---|---|---|---|
| | പോസ്റ്റർ നിർമ്മാണം | * പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ<br>* പരിസരങ്ങളിൽ പതിക്കൽ | ജൂൺ. |
| | ദാഹജലം | * പുറന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കൽ | മാർച്ച് - മെയ്. |
| വ്യക്തി ശുചിത്വവും പരിസര ശുചിത്വവും | ദിനകൃത്യങ്ങൾ. | * ഓരോ ദിവസവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചയിലൂടെ ഉറപ്പിക്കുന്നു.<br>* കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനായി നൽകുന്നു. | ജൂൺ - മാർച്ച്. |
| | നമ്പർ വൺ | * ക്ലാസ് തലത്തിൽ ശുചിത്വ മത്സരം<br>* വ്യക്തി ശുചിത്വം, ക്ലാസ്റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു | ജൂലൈ - മാർച്ച് |

| | | | |
|---|---|---|---|
| | പരിസര നടത്തം | * നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം.<br>* മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്താം.<br>* പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ. | ജൂൺ ഡിസംബർ. |
| | നല്ല ശീലം | * പോസ്റ്ററുകൾ തയ്യാറാക്കാം.<br>* പരിസരങ്ങളിൽ പതിക്കാം. | ജൂലൈ - മാർച്ച് |
| ശാസ്ത്രവിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക | ഫീൽഡ് ട്രിപ്പ് | * നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ്ട്രിപ്പ് സംഘടിപ്പിക്കുന്നു. | ജനുവരി—മാർച്ച് |
| | പരീക്ഷണങ്ങൾ | * ശാസ്ത്രത്തെ വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | ഡിസംബർ -ഫെബ്രുവരി |
| | ശാസ്ത്രജ്ഞനോടൊപ്പം | * ക്യാമ്പ്.<br>* മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു. | ജനുവരി മാർച്ച്. |

| | | | |
|---|---|---|---|
| | പക്ഷി നിരീക്ഷണം | * ക്യാമ്പ്<br>* പക്ഷിനിരീക്ഷണത്തിന് അവസരം | ജനുവരി—മാർച്ച് |

# Academic Masterplan

## English

| Learning outcomes | Activities | Activity Details | Duration |
| --- | --- | --- | --- |
| • Describes the pictures | Picture Description | * The teacher shows a picture<br>* Discussion<br>* The children talk about the picture<br>Slow learners<br>Gives opportunity to express their ideas in Malayalam. | June to August |
| • Arranges word in alphabetical order | Dictionary | * Introducing the dictionary<br>* Gives words<br>* Arranging words in alphabetical order. | July to March |
| • Add more exchanges to the conversation suitable to the context | Conversation | * Reading the conversation<br>* conversation is acting with friends<br>* Add more exchanges to the conversation | |

| | | | |
|---|---|---|---|
| | | Slow learners<br>Give opportunity to express their idea in malayalam. | July to March. |
| • Identifies rhyming words from the poem | Rhyming words | * Playing audio of song<br>* Let the learner sing after the audio.<br>* discussion<br>* Identifies rhyming words. | July to september. |
| • Add lines to a poem following a set pattern | Add more lines | * Plays the audio song.<br>* Let the learner sing after the audio<br>* Add lines to the poem. | |

അക്കാദമിക്

# മാസ്റ്റർ പ്ലാൻ

# 2025-26

ജി.എൽ.പി. സ്കൂൾ

ഊരകം മേൽമുറി

അരംബിക്

## 1. അക്ഷര മധുരം

ലക്ഷ്യം - അസംബ്ലിയിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻപന്തിയിലെത്തിക്കൽ

പ്രവർത്തനം: ഒട്ടും നടന്ന കുട്ടികളെ കണ്ടെത്തുന്നു. അക്ഷരങ്ങൾ തിരിച്ചറിയാത്തവർക്ക് അക്ഷരം ചൊല്ലി നൽകുക. ക്ലാസ്മുറികളിൽ അക്ഷര ചാർട്ടുകൾ നൽകുന്നു.

കാലയളവ് - 1 മാസം

നേതൃത്വം - അധ്യാപകർ, രക്ഷകർത്താക്കൾ

പിന്തുണ - CPTA, SRG

## 2. വായനാ മധുരം

ലക്ഷ്യം - വായനയിലെ മികവ്

പ്രവർത്തനങ്ങൾ - 1) അസംബ്ലിയിലെ കഥാവതരണം, വിനോദം, ക്വിസ് എന്നിവ കുട്ടികൾക്കിടയിൽ നിരന്തരം ചെയ്യുന്നു.

2) പുസ്തക വായന - [illegible]

കാലയളവ് - 3 മാസം

നേതൃത്വം - അധ്യാപകർ, ക്ലാസ് ലൈബ്രറി,

പിന്തുണ - [illegible]

3. സർഗ ലോകം

ലക്ഷ്യം - സാഹിത്യ - കലാ വാസനകളെ വളർത്തിയെടുക്കാൻ

പ്രവർത്തനം - 1) കുട്ടികൾക്കിടയിലെ പ്രതിഭകളെ കണ്ടെത്തി അവരുടെ കഴിവുകൾ പ്രകടിപ്പിക്കാൻ മാസത്തിൽ ഒരിക്കൽ സാഹിത്യ സദസ്സ് സംഘടിപ്പിക്കൽ

2) കുട്ടികൾക്ക് ആനിമേഷൻ വീഡിയോകളുടെ പ്രദർശനം

3) കുട്ടി ഡോക്യുമെന്ററി പ്രദർശനം

കാലയളവ് - 6 മാസം

സാമഗ്രികൾ - ലാപ്ടോപ്, LCD പ്രൊജക്ടർ, കമ്പ്യൂട്ടർ

4. ഗണിത ലോകം

ലക്ഷ്യം - കുട്ടികളിൽ ഗണിതശാസ്ത്രത്തിലെ മികവ്

പ്രവർത്തനം - 1) LCD പ്രൊജക്ടറിന്റെ സഹായത്തോടെ പഠന പ്രവർത്തനവുമായി ബന്ധപ്പെട്ട നിറമാർന്ന വീഡിയോകൾ, പാട്ടുകൾ, കഥകൾ എന്നിവ കാണാനും ആസ്വദിക്കാനുമുള്ള അവസരം ഒരുക്കൽ

2) കുട്ടികൾ സ്വന്തമായി ഗണിത പസിലുകൾ നിർമ്മിക്കൽ

കാലയളവ് - 6 മാസം

സാമഗ്രികൾ - കുട്ടികൾ നിർമ്മിച്ചവ
- LCD പ്രൊജക്ടർ

5. സാമൂഹിക അസംബ്ലി

ലക്ഷ്യം - പ്രാർത്ഥന, പ്രതിജ്ഞ എന്നിവ സാമൂഹ്യ ശൈലിയിൽ ആക്കുക.

പ്രവർത്തനം - ആഴ്ചയിൽ ഒരു ദിവസം സാമൂഹിക അസംബ്ലി സംഘടിപ്പിക്കുക.

2. പത്ര വാർത്തകൾ സാമൂഹ്യത്തിൽ വായിക്കുക.

3. സാമൂഹിക ക്വിസ് മത്സരങ്ങൾ

കാലയളവ് - ഒരു മാസം

വിഭവം - SRG, H.M, അദ്ധ്യാപകർ

6. ദിനാചരണങ്ങൾ

ലക്ഷ്യം - ദിനങ്ങളുടെ പ്രത്യേകതകൾ മനസ്സിലാക്കൽ

പ്രവർത്തനം - 1) പ്രത്യേക ദിവസങ്ങളിൽ കൂടുതൽ സാമൂഹിക ചോദ്യങ്ങൾ നിർമ്മിക്കുന്നു.

2) പ്രമുഖ വ്യക്തികളുടെ ഫോട്ടോ കളും ചിത്രങ്ങളും ചാർട്ടിൽ ഒട്ടിക്കുന്നു.

കാലയളവ് - ഒരു മാസം

വിഭവം - സാമൂഹിക അദ്ധ്യാപകർ, രക്ഷിതാക്കൾ, PTA

7. സർഗാത്മകത

ലക്ഷ്യം – കവിതാസ്വാദനത്തിന് പ്രാപ്തരാക്കൽ

പ്രവർത്തനം – പാഠപുസ്തകത്തിലെ ചെറുകവിതകൾക്ക് വിശദീകരണം. ആശയങ്ങൾ കണ്ടെത്തൽ.

2) ഓരോ ആശയത്തിലൂടെ വിവിധ കവിതകൾ കണ്ടെത്തൽ

3 ഗ്രൂപ്പുകളിലൂടെ കവിതകളുടെ അവതരണം.

കാലയളവ് – 6 മാസം

പിന്തുണ – CPTA, അധ്യാപകർ

8. അറബിക് കൈയെഴുത്ത്

ലക്ഷ്യം – കൈയക്ഷരം മെച്ചപ്പെടുത്തൽ

പ്രവർത്തനം – ഒരു നോട്ട് ബുക്ക് തയ്യാറാക്കൽ
അറബിക് അക്ഷരങ്ങൾ
എഴുത്ത് പരിശീലനം
വായനാ കാർഡ്
അറബിക് കലണ്ടർ

കാലയളവ് – 6 മാസം

പിന്തുണ – CPTA, PTA, SRG

9. അറബിക് കലണ്ടർ

- ലക്ഷ്യം – മുഴുവൻ വിദ്യാർത്ഥികളുടെയും വിജ്ഞാന കഴിവുകളെ പരിപോഷിപ്പിക്കുക

പ്രവർത്തനം – അറബിക് കലണ്ടറിലെ 9 മാസത്തിലെ ഹിജ്റ കലണ്ടർ ക്രിയാത്മക മാസങ്ങൾ നൽകുക.
വിശേഷ ദിനങ്ങൾക്ക് നേരെ പ്രാധാന്യം സന്ദേശങ്ങൾ നൽകുക
അറബിക് കലണ്ടറിന്റെ ഉദ്ഘാടനം പരിചയപ്പെടുത്തൽ.

10. അറബിക് ഫെസ്റ്റ്

- ലക്ഷ്യം – കലാ ആസ്വാദനം

പ്രവർത്തനം – വർഷത്തിലെ അനുയോജ്യമായ ഒരു ദിവസം അറബിക് ഫെസ്റ്റ് സംഘടിപ്പിക്കുക.
ഉദ്ഘാടനം, ഖിറാഅത്ത് മത്സരം, അറബിക് നാടകം, അറബിക് ഗാനം, കയ്യെഴുത്ത്, കാലിഗ്രാഫി മത്സരം എന്നിവ നടത്താം

കാലയളവ് – വർഷത്തിൽ ഒരു തവണ.
അന്താരാഷ്ട്ര അറബിക് ദിനം

- പിന്തുണ – PTA, മുഴുവൻ വിദ്യാർത്ഥികൾ, അധ്യാപകർ